# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
## ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി :
## 2019 ആഗസ്റ്റ് 31 ശനി

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

# Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

### ജില്ലാ വികസന സമിതി യോഗം

## ഭൂമി തരംമാറ്റൽ അപേക്ഷകൾ തീർപ്പാക്കാൻ അദാലത്ത് നടത്തും: മന്ത്രി വി.എസ് സുനിൽകുമാർ

ഭൂമി തരംമാറ്റലിനുള്ള അപേക്ഷകൾ ആർ.ഡി.ഒ ഓഫീസുകളിൽ കെട്ടിക്കിടക്കുന്നത് പരിഗണിച്ച് അവ തീർപ്പാക്കാൻ പ്രത്യേക അദാലത്ത് നടത്തുമെന്ന് കൃഷി വകുപ്പ് അഡ്വ. വി.എസ് സുനിൽകുമാർ ജില്ലാ വികസന സമിതി യോഗത്തിൽ അറിയിച്ചു. സർക്കാർ ഫയലുകൾ സമയബ ന്ധിതമായി പൂർത്തിയാക്കണമെന്ന് യോഗം പ്രമേയത്തിലൂടെ ആവശ്യപ്പെടുകയും ചെയ്തു. ഇതിനായി പ്രത്യേക അദാലത്ത് നടത്തുന്നത് പരിഗണിക്കണമെന്ന് ഇ.ടി. ടൈസൺ മാസ്റ്റർ എം.എൽ.എ അവതരിപ്പിച്ച പ്രമേയത്തിൽ ആവശ്യപ്പെട്ടു. കാപ്പിരിക്കാട്-കൊടുങ്ങല്ലൂർ ദേശീയപാത 17 അടിയന്തിരമായി അറ്റകുറ്റപണി നടത്തണമെന്ന് മറ്റൊരു പ്രമേയം ആവശ്യപ്പെട്ടു.

ജില്ലയിലെ ഡാമുകളുടെ കാര്യത്തിൽ ജാഗ്രത തുടരണമെന്ന് മന്ത്രി വി.എസ് സുനിൽകുമാർ പറഞ്ഞു. നിലവിൽ പീച്ചി, വാഴാനി ഡാമുകളാണ് തുറന്നിരിക്കുന്നതെന്ന് കളക്ടർ അറിയിച്ചു. പെരിങ്ങൽക്കുത്ത് ഡാമിന്റെ ക്രസ്റ്റ് ഗേറ്റിലൂടെ ജലം പുറത്തേക്കൊഴുകുന്നുണ്ട്. കേരള ഷോളയാറിൽ പത്ത് അടി കൂടി നിറയാനുണ്ട്. തമിഴ്നാട് ഷോളയാർ ഡാം അടുത്തൊന്നും തുറക്കാൻ സാധ്യതയില്ലാത്തതിനാൽ ആശങ്കയ്ക്ക് വകയില്ല. ജില്ലയിലെ എല്ലാ ഡാമുകളിലെയും ജലനിരപ്പ് നിരന്തരം നിരീക്ഷിച്ചുവരുന്നതായും കളക്ടർ അറിയിച്ചു.

ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിന്റെ ഭാഗമായി ഫ്ളാറ്റ് സമുച്ചയത്തിൽ ഉൾപ്പെടുത്താനുള്ള അപേക്ഷകൾ പുതുക്കിയ മാനദണ്ഡ പ്രകാരം മാത്രം സ്വീകരിച്ചാൽ മതിയെന്ന് മന്ത്രി നിർദേശിച്ചു. നിലവിലെ വ്യവസ്ഥകൾ പ്രകാരമുള്ള സർട്ടിഫിക്കറ്റുകൾ ലഭിക്കാനുള്ള പ്രായോഗിക തടസ്സം യോഗത്തിൽ കെ.വി. അബ്ദുൽഖാദർ എം.എൽ.എ ചൂണ്ടിക്കാട്ടി. വ്യവസ്ഥകൾ ലഘൂകരിച്ചുകൊണ്ട് ഉത്തരവ് ഇറങ്ങുമെന്ന് ലൈഫ് മിഷൻ ജില്ലാ കോ ഓർഡിനേറ്റർ അറിയിച്ചു.

കനോലി കനാലിലെ ചെളി നിറഞ്ഞതിനാൽ ആഴം കുറഞ്ഞ് നീരൊഴുക്ക് തടസ്സപ്പെട്ടതിനാൽ ചെളിയെടുക്കാൻ അനുവദിക്കണമെന്ന തൊഴിലാളികളുടെ ആവശ്യം യോഗം ചർച്ച ചെയ്തു. കനോലി കനാലിലെ ചെളി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ജില്ലാ ജിയോളജിസ്റ്റിന് മന്ത്രി നിർദേശം നൽകി. കനാലിലെ ചെളി പരമ്പരാഗതമായി കൃഷിക്കായി വാരുന്നതാണെന്നും ചെളിയെടുക്കുന്നതും മണലെടുക്കുന്നതും രണ്ടായി കാണണമെന്നും മന്ത്രി പറഞ്ഞു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എട്ട് സ്കൂളുകളുടെ പ്രവൃത്തികൾ ഏറ്റെടുത്ത ശ്രീശൈലം എന്ന ഏജൻസിയെ പ്രവൃത്തികളിൽ തികഞ്ഞ അലംഭാവം കാണിച്ചതിനെതുടർന്ന് കരിമ്പട്ടികയിൽ പെടുത്തിയതായി വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. ഈ ഏജൻസി പ്രവൃത്തി ഏറ്റെടുത്ത പല സ്കൂളുകളിലും പ്രവൃത്തി മന്ദഗതിയിലാണ്. ചിലയിടത്ത് നിർത്തിവെക്കുകയും ചെയ്തു. ഇതുസംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കാൻ വിദ്യാഭ്യാസ വകുപ്പിനോട് യോഗം ആവശ്യപ്പെട്ടു. മറ്റ് ഏജൻസികളുടെ പ്രവൃത്തി പുരോഗമിക്കുന്നു.

അഴീക്കോട്-മുനമ്പം ജങ്കാർ സർവീസ് പുനരാരംഭിക്കാൻ ബൊള്ളാർഡ് പോൾ സ്ഥാപിക്കാൻ റീടെൻഡർ നടത്തിയിട്ടും ആരും പങ്കെടുക്കാത്തതിനാൽ പ്രവൃത്തിയിൽനിന്ന് ഒഴിവാകുന്നതിനും ജില്ലാ പഞ്ചായത്ത് നൽകിയ തുക തിരിച്ചെടുക്കുന്നതിനും അനുമതി ആവശ്യപ്പെട്ട് ഹാർബർ എൻജിനീയറിംഗ് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ അപേക്ഷ നൽകിയതായി ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഇത്തരം സാങ്കേതിക വൈദഗ്ധ്യം ആവശ്യമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ കാരണം സർവീസ് തുടർന്നുകൊണ്ടുപോവാൻ ജില്ലാ പഞ്ചായത്തിന് സാധിക്കാത്ത അവസ്ഥയാണ്. ജങ്കാർ സർവീസ് മറ്റേതെങ്കിലും സർക്കാർ ഏജൻസിക്ക് കൈമാറുന്നത് ആലോചിക്കാൻ അടിയന്തിരയോഗം വിളിച്ചുചേർക്കാൻ ജില്ലാ പഞ്ചായത്ത് സർക്കാറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഉരുൾപൊട്ടൽ മൂലം മാറ്റി പാർപ്പിച്ച അതിരിപ്പള്ളി പഞ്ചായത്തിലെ ആനക്കയം കോളനിവാസികൾക്ക് പകരം തുല്യമായ ഭൂമി നൽകി പുനരധിവസിപ്പിക്കാനുള്ള സർക്കാർ നിർദേശം ഊരുമൂപ്പനും കോളനി നിവാസികളും അംഗീകരിച്ചതായും സെപ്റ്റംബർ മൂന്നിന് വീണ്ടും ഊരുകൂട്ടം വിളിച്ച് അന്തിമ തീരുമാനം വനം വകുപ്പിനെ അറിയിക്കുമെന്നും ജില്ലാ പട്ടികവർഗ വികസന ഓഫീസർ അറിയിച്ചു. സ്ഥലം കൈമാറുന്നതുവരെ ഇവരെ താമസിപ്പിക്കാൻ കെ.എസ്.ഇ.ബി ക്വാർട്ടേഴ്സുകളിൽ അറ്റകുറ്റപണി പൂർത്തിയായിവരുന്നു. വാച്ച് മരം കോളനിയിലെ ഭൂമി പ്രശ്നം പരിഹരിക്കാൻ ഊരുകൂട്ടം വിളിച്ചുചേർക്കാനും കളക്ടർ നിർദേശം നൽകി.

എം.എൽ.എമാരുടെ പ്രത്യേക വികസന ഫണ്ടിൽനിന്ന് 17 ബസ്സ്റ്റോപ്പുകൾക്ക് തുക അനുവദിച്ചിട്ടും ഒരുവർഷമായിട്ടും പ്രവൃത്തി തുടങ്ങാത്ത നിർവഹണ ഏജൻസിയായ സിൽക്കിനോട് അടിയന്തിരമായി നിർമ്മാണം തുടങ്ങാൻ ആവശ്യപ്പെടാൻ എ.ഡി.സി ജനറലിന് യോഗം നിർദേശം നൽകി.

വിദഗ്ധ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചിറങ്ങര റെയിൽവേ മേൽപ്പാലം സ്ഥലമെടുപ്പിനായി ഉത്തരവായതായും 11 (1) പ്രകാരമുള്ള വിഞ്ജാപനം തയാറാക്കി സർക്കാർ പ്രസിലേക്ക് നൽകിയതായും ഡെപ്യൂട്ടി കളക്ടർ (എൽ.എ) അറിയിച്ചു. നെടുപുഴ റെയിൽവേ മേൽപ്പാലത്തിന്റെ ഭാഗമായുള്ള സ്ഥലമെടുപ്പ് ഓഫീസായി തൃശൂർ തഹസിൽദാർ എൽ.എ ജനറലിനെ നിയോഗിച്ചതായും സർവേ നടപടി ആരംഭിക്കാൻ സർവേ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദേശം നൽകിയതായും അറിയിച്ചു.

ജില്ലയിൽ വനഭൂമി പട്ടയവിതരണവുമായി ബന്ധപ്പെട്ട് പ്രത്യേക ഓഫീസ് തുറക്കാനായി സർക്കാറിലേക്ക് നിർദേശം സമർപ്പിക്കുന്നതിന് തീരുമാനിച്ചതായും അതുപ്രകാരം തുടർനടപടികൾ സ്വീകരിച്ചുവരുന്നതായും ഡെപ്യൂട്ടി കളക്ടർ അറിയിച്ചു.

ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് പരിധിയിലെ പൊക്കുളങ്ങര കടൽത്തീരത്തോട് ചേർന്ന മണൽ അടിഞ്ഞ് നാട്ടുതോടിലൂടെ പുഴവഴി കടലിലേക്ക് നിലച്ച ജലമൊഴുക്ക് പുനരുജ്ജീവിപ്പിക്കാൻ മണൽ മാറ്റിയിടാൻ അനുമതി നൽകാമെന്ന് കലക്ടർ അറിയിച്ചു.

യോഗത്തിൽ ജില്ലാ കളക്ടർ എസ്. ഷാനവാസ് അധ്യക്ഷത വഹിച്ചു. കൃഷി മന്ത്രി വി.എസ് സുനിൽകുമാർ, എം.എൽ.എമാരായ ബി.ഡി ദേവസ്സി, ഇ.ടി. ടൈസൺ മാസ്റ്റർ, മുരളി പെരുനെല്ലി, കെ.വി. അബ്ദുൽഖാദർ, മന്ത്രി എ.സി. മൊയ്തീന്റെ പ്രതിനിധി ടി.കെ. വാസു, ജില്ലാ പ്ലാനിംഗ് ഓഫീസർ ടി.ആർ. മായ, ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ സംസാരിച്ചു.

## ഓണം: ഭക്ഷ്യ പരിശോധന കർശനമാക്കി

ഓണാഘോഷത്തിന് മുന്നോടിയായി പാല്, തൈര്, വെളിച്ചെണ്ണ, ചിപ്സ്, പാലട തുടങ്ങിയവയിൽ മായം ചേർത്ത് വിൽക്കുന്നത് കണ്ടുപിടിക്കാനായി പ്രത്യേക സ്ക്വാഡുകൾ പരിശോധന നടത്തിവരുന്നതായി ഫുഡ് സേഫ്റ്റി അസി. കമീഷണർ ജില്ലാ വികസന സമിതി യോഗത്തിൽ അറിയിച്ചു. ഇവയുടെ സാമ്പിൾ എടുത്ത് ലാബിൽ പരിശോധിക്കും. സ്കൂളുകളുടെ സമീപം വിൽക്കുന്ന, വിദ്യാർഥികളെ ലക്ഷ്യമിട്ടുള്ള ഭക്ഷ്യസാധനങ്ങളുടെ സാമ്പിൾ എടുത്ത് പരിശോധന നടത്താൻ യോഗം നിർദേശം നൽകി.

ഭക്ഷ്യസുരക്ഷാ സ്ക്വാഡ് ജില്ലയിലെ മത്സ്യമാർക്കറ്റുകളിൽ പരിശോധന നടത്തിയതിൽ ഫോർമാലിന്റെയോ അമോണിയയുടേയോ സാന്നിധ്യം കണ്ടെത്തിയിട്ടില്ല. വരും ദിവസങ്ങളിൽ പരിശോധന ശക്തമാക്കുമെന്നും അറിയിച്ചു.

## തരിശുരഹിത പദ്ധതിയുമായി കുന്നംകുളം നഗരസഭ

നഗരസഭയെ തരിശുരഹിതമാക്കുന്നതിനും അതിലൂടെ നെൽകർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും പദ്ധതി ആവിഷ്കരിച്ച് കുന്നംകുളം നഗരസഭ. രണ്ട് കൃഷിഭവനുകൾക്ക് കീഴിലെ എല്ലാ പാടശേഖരങ്ങളിലും കൃഷിയിറക്കാനുള്ള തയ്യാറെടുപ്പുകളാണ് നടത്തുക. നഗരസഭാ പ്രദേശത്തെ കാണിയാമ്പാൽ, ആർത്താറ്റ്, ചെമ്മണ്ണൂർ പാടശേഖരങ്ങളിലാണ് കൃഷിയിറക്കാതെ തരിശായി കിടക്കുന്നത്. പാഴ്ചെടികൾ വളർന്ന് കിടക്കുന്ന പ്രദേശങ്ങളായതിനാൽ പദ്ധതി ആരംഭിക്കുന്നതിനു മുൻപ് ഭൂമിയുടെ ഉടമസ്ഥരെ കണ്ടെത്തി ഉടമസ്ഥർക്ക് കൃഷി ചെയ്യാൻ താത്പര്യമുണ്ടോയെന്നും അറിയും. തുടർന്ന് തരിശു നിലങ്ങളിലെ കളകൾ നീക്കി നിലം ഉഴുതുമറിക്കൽ ആരംഭിക്കും. പാടശേഖര സമിതികൾ നേരിട്ട് കൃഷി ചെയ്യുമ്പോൾ കൃഷിഭവനിൽ നിന്നുള്ള ആനുകൂല്യങ്ങൾക്ക് രേഖകൾ ഹാജരാക്കണം. ഇല്ലാതായ തോടുകളും ഇടതോടുകളും കണ്ടെത്തി പുനർ നിർമിക്കും. കാണിയാമ്പാൽ, ആർത്താറ്റ്, ചെമ്മണ്ണൂർ പാടശേഖരങ്ങളിലെ തരിശുഭൂമിയുടെ കണക്കെടുക്കാനും നഗരസഭ കൃഷി ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പാടശേഖരങ്ങളിൽ ചെയ്യേണ്ട പദ്ധതികളെ ഹ്രസ്വ, ദീർഘകാലാടിസ്ഥാനത്തിലുള്ളവയാക്കി തിരിച്ച് പരിഹാരമുണ്ടാക്കും. തരിശുരഹിത പദ്ധതിയുടെ പ്രവർത്തനങ്ങളെ കുറിച്ച് അടുത്ത കൗൺസിൽ യോഗത്തിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുമെന്ന് ചെയർപേഴ്സൺ സീത രവീന്ദ്രൻ അറിയിച്ചു. കഴിഞ്ഞ വർഷം തരിശായി കിടന്നിരുന്ന തിരുത്തിക്കാട്, ആലത്തൂർ പാടശേഖരങ്ങൾ നഗരസഭയുടെ ഇടപെടലിലൂടെ കൃഷിക്ക് അനുയോജ്യമാക്കിയിരുന്നു.

## പ്രളയത്തിനൊരു കൈത്താങ്ങ്: മീൻ വിറ്റതിലെ ലാഭം ദുരിതാശ്വാസ നിധിയിലേക്ക്

മത്സ്യകച്ചവടം നടത്തി സ്വരൂപിച്ച തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകി കടങ്ങോട് പഞ്ചായത്തിലെ പന്നിത്തടം മത്സ്യമാർക്കറ്റിലെ കച്ചവടക്കാർ. കളക്ട്രേറ്റിലെത്തിയാണ് മത്സ്യമാർക്കറ്റിലെ അഞ്ച് സ്റ്റാളുകളിലെ കച്ചവടക്കാർ ഒരു ദിവസത്തെ കച്ചവടത്തിൽ നിന്നും ലഭിച്ച 89,840 രൂപ കൃഷി മന്ത്രി അഡ്വ. വി.എസ് സുനിൽകുമാറിന് കൈമാറിയത്.

കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ജില്ലാ വികസന സമിതി യോഗത്തിൽ വെച്ചാണ് മാർക്കറ്റിലെ കച്ചവടക്കാരായ പി എസ് ഷെക്കീർ, കെ ഇ ഹംസ, കെ എസ് സൈനുദ്ധീൻ, വി എ കുഞ്ഞിമോൻ, കാദർ എന്നിവർ ചേർന്ന് മന്ത്രിക്കു തുക കൈമാറിയത്. പ്രളയത്തിനൊരു മീൻ കച്ചവട കൈത്താങ്ങ് എന്ന പേരിലാണ് പന്നിത്തടം മത്സ്യമാർക്കറ്റിൽ ആഗസ്റ്റ് 21ന് ഇവർ കച്ചവടം നടത്തി പണം സ്വരൂപിച്ചത്.

## നേത്ര ചികിത്സാ ക്യാമ്പ് നടത്തി

ഇരിങ്ങാലക്കുട നഗരസഭയും കേരള സാമൂഹ്യ സുരക്ഷാ മിഷനും ചേർന്ന് വയോമിത്രം പദ്ധതി ഗുണഭോക്താക്കൾക്കുവേണ്ടി സൗജന്യ നേത്ര ചികിത്സാ ക്യാമ്പ് നടത്തി. തൃശ്ശൂർ അഹല്യ കണ്ണാശുപത്രിയുടെ സഹായത്തോടെ സംഘടിപ്പിച്ച പരിപാടി നഗരസഭാ ചെയർപേഴ്സൺ നിമ്യ ഷിജു ഉദ്ഘാടനം ചെയ്തു. വൈസ് ചെയർപേഴ്സൺ രാജേശ്വരി ശിവരാമൻ നായർ അധ്യക്ഷത വഹിച്ചു. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കുര്യൻ ജോസഫ്, വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ബിജു ലാസർ, ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി.എ. മുഹമ്മദ് ബഷീർ, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ വത്സല ശശി, കേരള സാമൂഹ്യ സുരക്ഷാ മിഷൻ ജില്ലാ കോഡിനേറ്റർ കെ.പി. സജീവ്, വയോമിത്രം മെഡിക്കൽ ഓഫീസർ ഡോ. പി.എം. മുഹമ്മദാലി, അഹല്യ ആശുപത്രി മെഡിക്കൽ ഓഫീസർ ഡോ. സി.എൽ. ആന്റണി, നഗരസഭയിലെ ജെ.എച്ച്. ഐ സൂരജ് എന്നിവർ പ്രസംഗിച്ചു.

*കാപ്ഷൻ: ഇരിങ്ങാലക്കുട നഗരസഭയും കേരള സാമൂഹ്യ സുരക്ഷാ മിഷനും ചേർന്ന് വയോമിത്രം പദ്ധതി ഗുണഭോക്താക്കൾക്കുവേണ്ടി ന ടത്തിയ സൗജന്യ നേത്ര ചികിത്സാ ക്യാമ്പ് നഗരസഭാ ചെയർപേഴ്സൺ നിമ്യ ഷിജു ഉദ്ഘാടനം ചെയ്യുന്നു*

## ഓണവിപണിക്ക് കരുത്തായി കൈത്തറിമേള-2019

ജില്ലയിലെ ഓണവിപണിക്ക് കരുത്തായി ജില്ലാ സഹകരണ ബാങ്കിന്റെ സഹകരണ ത്തോടെ വ്യവസായവകുപ്പ് സംഘടിപ്പിക്കുന്ന ലോനപ്പൻ സ്മാരക കൈത്തറി മേളക്ക് തൃശൂർ തെക്കേഗോപുരനടയിൽ തുടക്കം. തെരഞ്ഞെടുക്കപ്പെട്ട കൈത്തറി സംഘങ്ങൾ ഖാദിവില്ലേജ് വ്യവ സായ സഹകരണ സംഘങ്ങൾ, ഹാൻടെക്സ്, ഹാൻവീവ് സംഘങ്ങൾ, കരകൗശലസംഘങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയുമാണ് മേളയിലുള്ളത്. ആഗസ്റ്റ് 27ന് തുടങ്ങിയ മേള സെപ്റ്റംബർ 10ന് അവസാനിക്കും. ഖാദി ഉൽപ്പനങ്ങൾക്ക് 30 ശതമാ നവും കൈത്തറിക്ക് 20 ശതമാനവുമാണ് കിഴിവ്. ആയിരം രൂപയുടെ സാധനങ്ങൾ വാങ്ങിയാൽ ഒരു സമ്മാനകൂപ്പണും ഏർപ്പെടുത്തിയിട്ടുണ്ട്. ഓരോ ആഴ്ചയിൽ നറുക്കെടുപ്പിലൂടെ അയ്യായിരം രൂപയുടെ കൈത്തറി ഉൽപ്പന്നങ്ങളും ഉണ്ട്. ബംബർ സമ്മാനമായി പതിനായിരും രൂപയുടെ കൈത്തറി വസ്ത്രങ്ങളും നൽകും. ജക്കാസ് സാരി, ഞാവൽമര പ്ലേറ്റ്, മുളവിളക്ക്, കുട്ടകൾ, വട്ടി കൾ, ടിഷ്യു, സെറ്റ് സാരികൾ, വൈവിധ്യമാർന്ന കിടക്കവിരികൾ, ഷട്ടിംഗുകൾ, കരകൗശല വസ്തു ക്കൾ, വീട്ടുപകരണങ്ങൽ തുടങ്ങിയവ മേളയെ വ്യത്യസ്തമാക്കുന്നു.

മേള കൃഷിവകുപ്പ് മന്ത്രി വി.എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. മേയർ അജിത വിജയൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരിതോമസ് മുഖ്യാതിഥിയായി. തൃശൂർ ജില്ലാ സഹകരണ ബാങ്ക് അഡ്മിനിസ്ട്രേറ്റർ ടി.കെ. സതീഷ്കുമാർ സ്വാഗതവും സഹകര ണബാങ്ക് ജനറൽ മാനേജർ പി.ആർ രവിചന്ദ്രൻ നന്ദിയും പറഞ്ഞു.

## <u>ജില്ലാ ഓണം ഫെയർ ഇന്ന് (സെപ്. ഒന്ന്) തുടങ്ങും</u>

## വിലക്കയറ്റമില്ലാത്ത ഓണം; സപ്ലൈകോ ഓണ വിപണി സജീവമാകുന്നു

വിലക്കയറ്റമില്ലാത്ത ഓണം എന്ന സർക്കാർ നയം യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായി ജില്ലയിൽ സപ്ലൈകോ ഓണ വിപണി സജീവമാകുന്നു. സെപ്റ്റംബർ ഒന്ന് മുതൽ 10 വരെ ജില്ലയിൽ ശക്തൻ നഗർ  കൊക്കാല ഗ്രൗണ്ടിലാണ്  ജില്ലാ ഓണം ഫെയർ നടക്കുന്നത്. കൊക്കാല ഗ്രൗണ്ടിൽ സെപ്റ്റംബർ ഒന്നിന് രാവിലെ പത്തിന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ ഉദ്ഘാടനം ചെയ്യും. മേളയിൽ ഭക്ഷ്യധാന്യങ്ങൾ, പലവ്യഞ്ജനങ്ങൾ, പച്ചക്കറികൾ, മറ്റ് നിത്യോപയോഗ സാധനങ്ങൾ എന്നിവ പൊതുവിപണിയേക്കാൾ വിലക്കുറവിൽ ലഭിക്കും. വിവിധ സർക്കാർ ഏജൻസികൾ ഒരുക്കിയ സ്റ്റാളുകളിൽ ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിൽപനയും കൂടാതെ ഭക്ഷ്യമേളയും ഉണ്ടാവും. ചടങ്ങിൽ കോർപറേഷൻ മേയർ അജിത വിജയൻ അധ്യക്ഷയാവും. സോവനീർ പ്രകാശനം ഗവ. ചീഫ് വിപ്പ് അഡ്വ. കെ. രാജനും ആദ്യ വിൽപന ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മേരി തോമസും നിർവഹിക്കും.

എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും സപ്ലൈകോയുടെ താലൂക്ക്തല ഫെയറുകൾ സെപ് റ്റംബർ രണ്ടു മുതൽ മുതൽ 10 വരെയും എല്ലാ നിയോജകമണ്ഡലങ്ങളിലും സെപ്റ്റംബർ 6 മുതൽ 10വരെയും ഫെയറുകൾ പ്രവർത്തിക്കും. കൂടാതെ തൃശ്ശൂർ  ജില്ലയിലെ 128 സപ്ലൈകോ ഔട്ട് ലെറ്റുകളും ഈ കാലയളവിൽ ഓണം ഫെയറുകളായി വിപുലമായ രീതിയിൽ ഇടവേളയില്ലാതെ പ്രവർത്തിക്കും. സപ്ലൈകോയുടെ എല്ലാ ഔട്ട് ലെറ്റുകളിലും സെപ്റ്റംബർ ഒന്ന്  മുതൽ ഓണം സമ്മാനമഴ പദ്ധതിയിൽ ഓരോ 1500 രൂപയുടെ പർച്ചേസിനും ഒരു സമ്മാന കൂപ്പണും  ഒന്നാം സമ്മാനമായി മൂന്ന് പവനും രണ്ടാം സമ്മാനമായി ഒരു പവനും മൂന്നാം സമ്മാനമായി നാല് ഗ്രാം സ്വർണ്ണവും നൽകും.

ജില്ലാ ഓണം മേളകളിൽ ഓരോ 2000 രൂപയുടെ പർച്ചേസിനും 100 രൂപയുടെ സുനിശ്ചിത സമ്മാനവും കൂടാതെ എല്ലാ സപ്ലൈകോ ഓണം മേളകളിലും ദൈനംദിന നറുക്കെടുപ്പിലൂടെ ദിവസേന 2 പേർക്ക് 1000 രൂപയുടെ സമ്മാന പദ്ധതിയും ഒരുക്കിയിട്ടുണ്ട്. ഈ ഓണക്കാലത്തിന്റെ. മറ്റൊരു സവിശേഷത സപ്ലൈകോ തയ്യാറാക്കിയ എല്ലാ അവശ്യസാധനങ്ങളും ഉൾക്കൊള്ളുന്ന 800 രൂപയുടെയും, 1200 രൂപയുടെയും വിലമതിക്കുന്ന ഓണകിറ്റ് മുൻകൂറായി ബുക്ക് ചെയ്ത് വാങ്ങാമെന്നതാണ്. സപ്ലൈകോയുടെ എല്ലാ ഓണം ഫെയറുകളിലും, ഔട്ട് ലെറ്റുകളിലും, സബ്സിഡി സാധനങ്ങൾക്ക് 60 ശതമാനം വരെയും, ശബരി ബ്രാൻഡ് ഉല്പ്പന്നങ്ങൾക്ക് 20 ശതമാനവും, മറ്റു ബ്രാന്റഡ് ഉൽപ്പന്നങ്ങൾക്ക് 5 ശതമാനം മുതൽ 30 ശതമാനം വരെയും കിഴിവ് നല്കുന്നു.

## താലൂക്ക് ഓണം ഫെയറിന് ഇന്ന് (സെപ്തംബർ 1)കുന്നംകുളത്ത് തുടക്കം

സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ കുന്നംകുളം താലൂക്ക് ഓണം ഫെയർ ഇന്ന് (സെപ്തംബർ 1) വൈകീട്ട് 4 ന് ബസ് സ്റ്റാൻഡിനു സമീപത്തുള്ള അവന്യൂസ് ബിൽഡിങ്ങിൽ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി എ സി മൊയ്തീൻ ഉദ്ഘാടനം ചെയ്യും. കുന്നംകുളം നഗരസഭ ചെയർ പേഴ്സൻ സീതാ രവീന്ദ്രൻ അധ്യക്ഷയാകും. സ്ഥിരം സമിതി അംഗങ്ങളായ മിഷ സെബാസ്റ്റ്യൻ, സുമഗംഗാധരൻ, ഗീതാശശി, കെ. കെ ആനന്ദൻ, കൗൺസിലർമാർ, സപ്ലൈകോ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും. സെപ്തംബർ രണ്ടുമുതൽ 10 വരെയാണ് കുന്നംകുളത്ത് ഓണം ഫെയർ സംഘടിപ്പിക്കുന്നത്.

## വായനശാലയെ ജനകീയമാക്കാൻ പുസ്തക ശേഖരണവുമായി കുന്നംകുളം നഗരസഭ

കുന്നംകുളം നഗരസഭയുടെ ഏകലവ്യൻ സ്മാരക ലൈബ്രറിയും വായനശാലയും കൂടുതൽ ജനപങ്കാളിത്തത്തോടെ വിപുലവും വിശാലവുമാക്കുന്നു. പുതിയ ബസ് ടെർമിനലിനും ടൗൺഹാളിനും സമീപത്തായി സ്ഥിതി ചെയ്യുന്ന ഈ ഗ്രന്ഥശാലയെ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ വായനയിലേക്ക് കൂടൂതൽ ഉയർത്താനുള്ള ശ്രമമാണ് നഗരസഭ ആരംഭിച്ചിട്ടുള്ളത്. പുസ്തകങ്ങളോ പുസ്തക ശേഖരങ്ങളോ നഗരസഭ ലൈബ്രറിയിലേക്ക് സൗജന്യമായി കൈമാറാൻ പുസ്തക പ്രേമികൾക്ക് അവസരം അവസരം നൽകുകയാണ് ക്യാംപെയ്ന്റെ ലക്ഷ്യം. ഇതിലൂടെ വിദ്യാർത്ഥികൾ, പൊതുജനങ്ങൾ എന്നിവരെ വായനയിലേക്ക് കൂടുതൽ ആകർഷിപ്പിക്കാനാണ് പരിപാടി.

പുസ്തക ശേഖരണ ക്യാംപെയ്ൻ ഉദ്ഘാടനം നഗരസഭ ലൈബ്രറി അങ്കണത്തിൽ നഗരസഭ ചെയർ പേഴ്സൻ സീതാരവീന്ദ്രൻ നിർവഹിച്ചു. ലൈബ്രറിയിലെ പഴയകാല മെംബറായ ഇ. കെ സുനിലിന്റെ കൈവശമുള്ള പുസ്തകം ശേഖരിച്ചാണ് ക്യാംപെയ്ന് തുടക്കമിട്ടത്. തുടർന്ന് പത്തോളം മെംബർമാരിൽ നിന്നും പുസ്തകങ്ങൾ കൈപ്പറ്റി. വൈസ് ചെയർമാൻ പി എം സുരേഷ് അധ്യക്ഷത വഹിച്ചു. നഗരസഭ സ്ഥിരം സമിതി അംഗങ്ങളായ മിഷ സെബാസ്റ്റ്യൻ, ഗീതാശശി, സുമ ഗംഗാധരൻ, കൗൺസിലർമാരായ മിനി മോൻസി, ജയ്സിങ് കൃഷ്ണൻ, ലൈബ്രേറിയൻ എം ടി പ്രവീണ എന്നിവർ പങ്കെടുത്തു.

സാഹിത്യം, സംസ്കാരം, ശാസ്ത്രം, ചരിത്രം തുടങ്ങിയ ഏതു മേഖലകളിൽ നിന്നുമുള്ള ഏതു പുസ്തകങ്ങളും മത്സര പരീക്ഷാ സഹായികളും ഇതിന്റെ ഭാഗമായി ശേഖരിക്കും. ലൈബ്രറിയുടെ പ്രവർത്തന സമയങ്ങളിൽ പൊതുജനങ്ങൾ നൽകുന്ന പുസ്തക ശേഖരണത്തിന്

പ്രത്യേക സൗകര്യമൊരുക്കിയിട്ടുണ്ട്. കൂടാതെ പ്രവൃത്തി ദിവസങ്ങളിൽ നഗരസഭ ഓഫീസിലും ഇതിനുള്ള സംവിധാനമുണ്ട്. കൂടുതൽ പുസ്തകങ്ങൾ കൈമാറാൻ സന്നദ്ധരായവരിൽ നിന്ന് വീട്ടിൽ വന്ന് പുസ്തകങ്ങൾ ശേഖരിക്കും. പുസ്തകങ്ങൾ കൈമാറാൻ താത്പര്യമുള്ളർ അതത് വാർഡ് കൗൺസിലർമാരുമായോ 9400397141, 9544747188 എന്നീ നമ്പറുകളിലോ ബന്ധപ്പെടണം.

നഗരസഭ ലൈബ്രറിയിൽ നിലവിൽ ഒട്ടേറെ ഗ്രന്ഥ ശേഖരങ്ങളുണ്ട്. മലയാളം, ഇംഗ്ലീഷ് കഥകൾ, കവിതകൾ, നോവലുകൾ, നിരൂപണങ്ങൾ, ചരിത്ര പുസ്തകങ്ങൾ, സാഹിത്യ വിമർശനങ്ങൾ എന്നിവയടങ്ങിയ പതിനായിരത്തിലേറെ  പുസ്തകങ്ങളുടെ ശേഖരങ്ങളാണ് ഇവിടെയുള്ളത്. മലയാളത്തിലെ ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ദിനപത്രങ്ങൾ, സർക്കാർ പ്രസിദ്ധീകരണങ്ങൾ മുതലായവയും ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്.

*കാപ്ഷൻ: കുന്നംകുളം നഗരസഭാ ലൈബ്രറിയിലേക്കുള്ള പുസ്തക ശേഖരണ കാമ്പയിൻ നഗരസഭാ ചെയർപേഴ്സൻ സീത രവീന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു*